# കേരള സർക്കാർ
## ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2019 ഡിസംബർ 05 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പ്രളയ ബാധിത പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഉടൻ പൂർത്തിയാക്കണം

ജില്ലയിലെ പ്രളയബാധിത പ്രദേശങ്ങളിൽ എം.പി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾ എത്രയും പെട്ടന്ന് പൂർത്തിയാക്കണമെന്ന് ജില്ലാ കളക്ടർ എസ് ഷാനവാസ്. പുനരുദ്ധാരണ പ്രവർത്തികളുടെ തൽസ്ഥിതിയിലും പുരോഗതിയും യോഗത്തിൽ വിലയിരുത്തി. തുടർന്ന് രാജ്യസഭ എം.പിമാരുടെ പദ്ധതികളുടെ അവലോകനവും നടന്നു. ജില്ലാ ആസൂത്രണ ഭവൻ കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ ടി. ആർ. മായ പദ്ധതികളുടെ നിലവിലെ റിപ്പോർട്ട് അവതരിപ്പിച്ചു.

## ഗുരുവായൂർ നഗരസഭ ഡെപ്യൂട്ടി ചെയർപേഴ്സൺ തിരഞ്ഞെടുപ്പ് ഡിസം. 12 ന്

ഗുരുവായൂർ മുനിസിപ്പാലിറ്റി ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് ഡിസംബർ 12 രാവിലെ 11 ന് ഗുരുവായൂർ മുനിസിപ്പൽ കൗൺസിൽ ഹാളിൽ നടത്തുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. തിരഞ്ഞെടുപ്പ് നടത്തുന്നതിന് നിശ്ചയിച്ച തീയതി ഒരു ആക്സമിക അവധിയായി സർക്കാരോ ബന്ധപ്പെട്ട ജില്ലാ കളക്ടറോ പ്രഖ്യാപിക്കുകായണെങ്കിലോ മനുഷ്യ നിയന്ത്രണിനതീതമായ കാരണത്താൽ അന്നേ ദിവസം തിരഞ്ഞെടുപ്പ് നടത്തുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാവുകയാണെങ്കിലോ അപ്രകാരമുള്ള തിരഞ്ഞെടുപ്പ് തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തും സ്ഥലത്തും വെച്ച് നടത്തും.

## ജില്ലാ കളക്ടറുടെ ഇടപെടൽ : പാപ്പാത്തിക്കും മകൾക്കും തുണയായി

മുളംകുന്നത്തുകാവ് ഗ്രാമ പഞ്ചായത്തിൽ ഉദയ നഗർ പ്രദേശത്തെ ഇറിഗേഷൻ കനാൽ പുറമ്പോക്കിൽ താമസിച്ചിരുന്ന പാപ്പാത്തി മേപ്പാടിക്കും മകൾക്കും ഇനി തണൽ തണലൊരുക്കും. ഇവരുടെ കുടിൽ സാമൂഹ്യവിരുദ്ധർ ഏതാനും ദിവസങ്ങൾക്ക് മുൻപ് തീയിട്ട് നശിപ്പിച്ചിരുന്നു. വീട്ടുപകരണങ്ങളും, വീട്ടിൽ സൂക്ഷിച്ചിരുന്ന പണവും തീയിൽ നശിച്ചു. ഇവരെ മാറ്റി താമസിപ്പിക്കുന്നതിനു മുളംകുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ബെന്നി കളക്ടർക്ക് നിവേദനം നൽകിയിരുന്നു. ഈ വിഷയം ജില്ലാ വനിതാ സംരക്ഷണ ഓഫീസറുമായി നേരിൽ സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ പാപ്പാത്തിയെയും അവരുടെ മകൾ സിന്ധുവിനെയും മായന്നൂരിലുള്ള 'തണൽ ' സംരക്ഷണ കേന്ദ്രത്തിലേക്ക് മാറ്റാൻ കളക്ടർ നിർദ്ദേശം നൽകി. ഇതിനു പുറമെ പാപ്പാത്തിയുടെ ചെറുമകൾ സ്നേഹയെ അരണാട്ടുകരയിലുള്ള ആത്മ സംരക്ഷണ കേന്ദ്രത്തിലുമാക്കാൻ തീരുമാനമായി. ഇവരുടെ വീടിന്റെ നിർമാണം പൂർത്തിയാകുന്നത് വരെ മാറ്റി താമസിപ്പിക്കുന്നതിനാവശ്യമായ നിയമപരമായ നടപടികളുടെ ഭാഗമായാണീ തീരുമാനം.

## ക്രിസ്തുമസ്-പുതുവൽസരം:
## എക്സൈസ് കൺട്രോൾ റൂം പ്രവർത്തന സജ്ജം

ക്രിസ്തുമസ്-പുതുവത്സരാഘോഷ വേളയിൽ ജില്ലയിൽ അബ്കാരി കുറ്റകൃത്യങ്ങൾ തടയാൻഎക്സൈസ് വകുപ്പിന്റെ തൃശൂർ അയ്യന്തോൾ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാ കൺട്രോൾ റൂമും, താലൂക്ക് തലത്തിൽ എല്ലാ എക്സൈസ് സർക്കിൾ ഓഫീസുകളിലും കൺട്രോൾ റൂമുകളും ജനുവരി 5 വരെ പ്രവർത്തിക്കുമെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ അറിയിച്ചു. സ്പിരിറ്റ്, മദ്യം, മയക്കുമരുന്ന് എന്നിവയുടെ കടത്ത്, വ്യാജ മദ്യത്തിന്റെ നിർമ്മാണ വിതരണം തടയൽ എന്നിവയാണ് കൺട്രോൾ റൂമിന്റെ ലക്ഷ്യം. ജില്ലയിലെ അബ്കാരി കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ നേരിട്ടും പ്രത്യേകം രൂപീകരിച്ച ഇന്റലിജൻസ് ഉദ്യോഗസ്ഥർ വഴിയും കൺട്രോൾ റൂമിൽ ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുവാൻ സ്ട്രൈക്കിങ്ങ് ഫോഴ്സുകളും സജ്ജമാക്കിയിട്ടുണ്ട്. അനധികൃത സ്പിരിറ്റോ മദ്യമോ, മയക്കു മരുന്നോ, മറ്റ് ലഹരി വസ്തുക്കളോ ജില്ലയിലേക്ക് കടത്തുന്നതോ കൈകാര്യം ചെയ്യുന്നതോ ശ്രദ്ധയിൽപ്പെട്ടാൽ പൊതു ജനങ്ങൾക്ക് കൺട്രോൾ റൂമിൽ വിളിച്ച് അറിയിക്കാം. അബ്കാരി കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരം നൽകുന്നവരുടെ പേരു വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും.

ജില്ലാ കൺട്രോൾ റൂം- 0487-236127, 9447178060, എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ-9447178060, അസിസ്റ്റന്റ്എക്സൈസ് കമ്മീഷണർ-9496002868, താലൂക്ക്തല കൺട്രോൾ റൂമുകളുടെ നമ്പറുകൾ- തൃശൂർ- 0487-2327020, 9400069583, ഇരിങ്ങാലക്കുട-0480- 2832800, 9400069589, വടക്കാഞ്ചേരി-04884- 232407, 9400069585, വാടാനപ്പിള്ളി- 0487 2290005, 9400069587, കൊടുങ്ങല്ലൂർ- 0480-2809390, 9400069591, എക്സൈസ് സ്പെഷൽ സ്ക്വാഡ് ഓഫീസ് തൃശൂർ- 0487- 2362002, 9400069582, എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ചെക്ക് പോസ്റ്റ് വെറ്റിലപ്പാറ- 0480-2769011, 9400069606.

## സ്വൈപ്പിങ് മെഷീനിന്റെയും ടച്ച് സ്ക്രീന്റെയും
## ഉദ്ഘാടനം ഇന്ന് (ഡിസംബർ 6)

മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽ ക്യാഷ് ലെസ് മുഖേനെ നികുതികളും ഫീസുകളും അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപിക്കുന്ന സ്വൈപ്പിങ് മെഷീനിന്റെ ഉദ്ഘാടനം ഇന്ന് (ഡിസംബർ 6) വൈകീട്ട് മൂന്നിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിർവഹിക്കും. പൊതുജനങ്ങൾക്ക് അപേക്ഷകളുടെ സ്റ്റാറ്റസ് പരിശോധിക്കുന്നതിനുള്ള ടച്ച് സ്ക്രീന്റെ ഉദ്ഘാടനവും ഇതോടൊപ്പം നടക്കും. മുള്ളൂർക്കര ഇന്ദിര പ്രിയദർശിനി കല്ല്യാണമണ്ഡപത്തിൽ വൈകീട്ട് നാലിന് പുകവലി വിമുക്ത ജില്ല എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽ പൈലറ്റ് പദ്ധതിയുടെ തുടക്കം കുറിക്കും.

## സപ്ലൈകോ: പർച്ചേസ് നടപടികൾ സുതാര്യം;
## ടെണ്ടർ നടപടികൾ നിയമവിധേയം

സപ്ലൈകോ പർച്ചേസ് നടപടികൾ നിയമാനുസൃതവും സുതാര്യവുമാണെന്ന് സപ്ലൈകോ അധികൃതർ. സപ്ലൈകോ ടെണ്ടർ നടപടികളെക്കുറിച്ചുള്ള വാർത്തകൾ വരുന്ന സാഹചര്യത്തിലാണ് സപ്ലൈകോയുടെ വിശദീകരണം. 2019 നവംബർ 5ന് നടത്തേണ്ടിയിരുന്ന ഇ ടെണ്ടർ സിവിസി നിർദ്ദേശങ്ങൾ പൂർണമായി നടപ്പാക്കുന്നതിന്റെ ഭാഗമായാണ് റദ്ദ് ചെയ്ത് നവംബർ 22ന് ടെണ്ടർ നടത്തിയത്. മുൻ മാസത്തെ ടെൻഡറിൽ രണ്ടുമാസം ആവശ്യമുള്ള സാധനങ്ങൾക്കാണ് ഓർഡർ നൽകിയത്. എന്നാൽ അധികവ്യാപാരം നടന്നതിനാൽ ഒരു മാസത്തിനകം അരിയും അവശ്യ സാധനങ്ങളും തീർന്നതിനാൽ എമർജൻസി പർച്ചേസ് നടത്തേണ്ടിവന്നു. ഇതുപ്രകാരം സർക്കാർ അംഗീകൃത പർച്ചേസ് മാനുവൽ ക്ലോസ് 3.2(2) പ്രകാരം അടിയന്തരമായി 295 മെട്രിക് ടൺ ജയ അരി വാങ്ങി വിപണിയിലെത്തിച്ചു. ഒക്ടോബറിൽ ജയ

അരിയ്ക്ക് വേണ്ടി നടന്ന ടെണ്ടറിൽ കൊട്ടേഷൻ സ്വീകരിച്ചതും വില നിശ്ചയിച്ചതും നിയമാനുസൃതമായിട്ടാണ്. പർച്ചേസ് മാനുവൽ ഈ നിബന്ധന പ്രകാരം നടപ്പു ടെണ്ടറിലോ അതിനേക്കാൾ കുറഞ്ഞ നിരക്കിലോ മാത്രമാണ് അടിയന്തര പർച്ചേസിൽ ജയ അരി വാങ്ങി വിപണിയിൽ എത്തിച്ചിട്ടുള്ളത്. ഈ പറച്ചേസിലും നടപ്പ് ടെണ്ടർ വിലയിൽ കുറഞ്ഞതോ നിലവിലുള്ളതുമായ റേറ്റിന് മാത്രമാണ് പർച്ചേസ് ചെയ്തിട്ടുള്ളത്. വാങ്ങിയ ജയ അരി മുഴുവനും നിശ്ചിതസമയത്ത് തന്നെ വിറ്റ് പോകുകയും ചെയ്തിട്ടുണ്ട്. ഇരുപത്തിരണ്ടാം തീയതിയിൽ നടന്ന ടെണ്ടറിലൂടെ വാങ്ങിക്കുന്ന സാധനങ്ങൾ നവംബർ മാസം അവസാനത്തിൽ മാത്രമേ ലഭിക്കുകയുള്ളൂ എന്ന കണക്ക് പ്രകാരം, അടിയന്തിര പർച്ചേസ് പ്രകാരമുള്ള സാധനങ്ങൾ ഇരുപത്തിരണ്ടാം തീയതിക്കകം ലഭ്യവുമാക്കാൻ നിർദേശം നൽകുകയും ചെയ്തിരുന്നു. കൂടാതെ ഒക്ടോബറിൽ നടത്തിയ ടെണ്ടറിൽ വിജയിച്ച സപ്ലൈയർമാരിൽ നിന്നും അതേ നിരക്കിൽ തന്നെ 30 എം ടി വീതം മട്ട അരിയും കുറുവ അരിയും വാങ്ങിയിട്ടുണ്ടെന്നും വളരെ അത്യാവശ്യഘട്ടത്തിൽ മാത്രമാണ് സപ്ലൈകോ പർച്ചേസ് നടത്തിയിട്ടുള്ളതെന്നും സപ്ലൈകോ ഹെഡ് ഓഫീസിൽ നിന്ന് അറിയിച്ചു.

## കലശമല ഇക്കോ ടൂറിസം പദ്ധതി ഉദ്ഘാടനം ഡിസം. 27 ന്

ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രമായ കലശമല ഇക്കോ ടൂറിസം പദ്ധതി ഡിസം. 27 ന് ടൂറിസം വകുപ്പ് മന്ത്രി കടകംപിള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും. ഉദ്ഘാടന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീന്റെ അധ്യക്ഷതയിൽ വിപുലമായ സംഘാടക സമിതി രൂപീകരിച്ചു. ചൊവന്നൂർ കെ ആർ നാരായണൻ ഹാളിൽ നടന്ന പരിപാടിയിൽ

ജൈവ വൈവിധ്യങ്ങളെ സംരക്ഷിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് കലശമലയിൽ നടപ്പാക്കുകയെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അറിയിച്ചു. പദ്ധതിയുടെ ഭാഗമായി കലശമലയിൽ മാലിന്യ സംസ്കരണത്തിനുള്ള പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകും. സാമൂഹ്യ വിരുദ്ധരുടെ കടന്നുകയറ്റങ്ങൾ അനുവദിക്കില്ല. മനോഹരമായ പൂന്തോട്ടം പോലെ കലശമലയെ സംരക്ഷിക്കുമെന്നും മന്ത്രി പറഞ്ഞു.

രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി കലശമലയിലെ ഭൂമിയേറ്റെടുക്കൽ വേഗത്തിൽ പൂർത്തിയാക്കും. കൂടുതൽ ഭാഗത്ത് വാഹന പാർക്കിങ് സംവിധാനമുണ്ടാക്കും. കലശമല ടൂറിസം പദ്ധതിയുടെ ഭാഗമായി കുന്നംകുളം നഗരവികസനത്തിനാവശ്യമായ പദ്ധതിയും രൂപപ്പെടുത്തും. സഞ്ചാരികൾക്ക് കേന്ദ്രത്തിലേക്കെത്താനുള്ള റോഡുകൾ മികച്ച നിലവാരത്തിൽ നിർമ്മിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ജി ശ്രീകുമാർ കൺവീനറും ചൊവന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ വി സുമതി ചെയർപേഴ്സനുമായ സംഘാടക സമിതിയെ കൂടാതെ എക്സിക്യൂട്ടീവ് കമ്മറ്റി, പ്രോഗ്രാം കമ്മറ്റി എന്നിവയും ഉദ്ഘാടന ചടങ്ങുകൾക്ക് നേതൃത്വം നൽകും.

യോഗത്തിൽ കുന്നംകുളം നഗരസഭ ചെയർപേഴ്സൻ സീതാ രവീന്ദ്രൻ, വൈസ് പ്രസിഡന്റ് പി എം സുരേഷ്, ചൊവന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ വി സുമതി, ജില്ലാ പഞ്ചായത്തംഗം ജയശങ്കർ, വിവിധ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, നഗരസഭ കൗൺസിലർമാർ, പഞ്ചായത്തംഗങ്ങൾ, ഗാനരചയിതാവ് ഹരി നാരായണൻ, ബഥനി ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രിൻസിപ്പൽ ഫാ. പത്രോസ്, ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ജി ശ്രീകുമാർ, ടൂറിസം വകുപ്പ് സെക്രട്ടറി കവിത തുടങ്ങിയവർ പങ്കെടുത്തു.

## താത്കാലിക നിയമനം

ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ പി.എം.കെ.എസ് വൈ പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ അക്രഡിറ്റഡ് എഞ്ചിനീയർ തസ്തികയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. സിവിൽ എഞ്ചിനീയറിങ്ങിൽ ബിരുദമോ ഡിപ്ലോമയോ ഉണ്ടായിരിക്കണം. അപേക്ഷയും ബയോഡാറ്റയും യോഗ്യതകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ഇന്ന് (ഡിസം. 06)

ഉച്ചയ്ക്ക് 3 മണിയ്ക്കകം ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് ലഭിച്ചിരിക്കണം. വിലാസം: സെക്രട്ടറി, ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കാണിപ്പയ്യൂർ, പി.ഒ.തൃശൂർ ജില്ല. ഫോൺ: 04885-222670.

## ഹരിതസമൃദ്ധി വാർഡ്

ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഏതെങ്കിലും ഒരു വാർഡിലെ മുഴുവൻ വീടുകളിലും വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിതസമൃദ്ധി വാർഡ് എന്ന പദ്ധതി ഹരിതകേരളം മിഷൻ നടപ്പിലാക്കുന്നു. കൃഷിഭവൻ പദ്ധതികളോടൊപ്പം തൊഴിലുറപ്പ്, സഹകരണബാങ്കുകൾ, ജനകീയ കൂട്ടായ്മകൾ, സന്നദ്ധസംഘടനകൾ എന്നിവരുടെ ഇടപെടലും ലക്ഷ്യം കൈവരിക്കുന്നതിന് പ്രയോജനപ്പെടുത്തും.

തെരഞ്ഞെടുക്കപ്പെടുന്ന ഒരു വാർഡിലെ മുഴുവൻ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വഴി തങ്ങൾക്ക് ആവശ്യമായ പച്ചക്കറി നല്ലൊരുഭാഗം സ്വന്തം കൃഷിയിടത്തിൽ തന്നെ ഉൽപാദിപ്പിക്കുന്ന സംസ്കാരം വളർത്താനും ആരോഗ്യസംരക്ഷണത്തിനും വീട്ടിലെ ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റ് ആക്കി മാറ്റുന്നതിലൂടെ ശുചിത്വ മാലിന്യ സംസ്കരണത്തിനും ഇത് സഹായകരമാകും. സ്കൂൾ വിദ്യാർത്ഥികളടക്കം വാർഡിലെ മുഴുവൻ ജനങ്ങളെയും പങ്കെടുക്കുന്നതിലൂടെ സുരക്ഷിത പച്ചക്കറി ഉൽപാദനത്തിന്റെ സന്ദേശം വ്യാപിപ്പിക്കാൻ സഹായകരമാകുന്ന ക്യാമ്പയിനുകളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയിലൂടെ പ്രദേശത്തെ പച്ചക്കറിയുടെ ഉൾപാദനവും വിസ്തീർണ്ണവും വർദ്ധിപ്പിക്കാനാകും.

വാർഡുകളിലെ മുഴുവൻ വീടുകളിലും പച്ചക്കറി തൈകൾ അല്ലെങ്കിൽ വിത്തുകൾ നട്ടുകൊണ്ട് നടീൽ ഉത്സവം സംഘടിപ്പിക്കുകയും തുടർന്ന് ഹരിതവാർഡ് പ്രഖ്യാപനം നടത്തും. ഇതിനായി ജില്ലയിൽ 26 പഞ്ചായത്തുകളിൽ നിന്ന് 45 വാർഡുകളും 3 തരിശ് രഹിത പഞ്ചായത്തുകളും തെരഞ്ഞെടുത്തിട്ടുണ്ട്. മണലൂർ, മാള, പെരിഞ്ഞനം, പൊയ്യ, തൃക്കൂർ തുടങ്ങിയ പഞ്ചായത്തുകളിൽ ഡിസംബർ 15 നകം ഹരിതസമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം ഉണ്ടാകും. തുടർന്നുള്ള വാർഡുകളിലും ഡിസംബറിൽ തന്നെ പ്രഖ്യാപനം ഉണ്ടാകും.

ഹരിതസമൃദ്ധി വാർഡ് പ്രവർത്തനങ്ങൾ തുടർച്ചയായി മോണിറ്ററിങ് നടത്തുകയും നേട്ടങ്ങൾ തുടർ സീസുകളിലും നിലനിർത്തുന്നതിനു വേണ്ടിയുള്ള ഇടപെടലുകളും തുടർവർഷങ്ങളിൽ മറ്റു വാർഡുകളിലേക്കും വ്യാപിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങളുമാണ് ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്നുത്.

## ഹാപ്പി ഡേയ്സ് നൈറ്റ് ഷോപ്പിംഗ്: പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം

തൃശൂർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഹാപ്പി ഡേയ്സ് രാത്രികാല ഷോപ്പിംഗ് ഉത്സവത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കമായി. നഗരഹൃദയത്തിൽ പത്ത് ലൈറ്റിംഗ് പന്തലുകൾ ഉയർന്നു കഴിഞ്ഞു. മണികണ്ഠനാലിന് സമീപവും സി എം എസ് സ്കൂൾ, സപ്ന തിയേറ്റർ, ജില്ലാ ആശുപത്രി സിറ്റി സെന്റർ, ബാനർജി ക്ലബ്, കല്യാൺ ജ്വല്ലേഴ്സ്, മിഥില റസ്റ്റോറന്റ് എന്നിവയുടെ പരിസരങ്ങളിലുമാണ് പന്തലുകൾ ഉയർന്നത്. ജില്ലയിൽ ആദ്യമായി നടക്കുന്ന ഷോപ്പിംഗ് ഉത്സവം ഭിന്നശേഷി സൗഹൃദമാക്കാനാണ് സംഘാടകരുടെ തീരുമാനം. ചേംബർ ഓഫ് കോമേഴ്സിന്റെ സഹകരണത്തോടൊയാണ് രാത്രികാല ഷോപ്പിംഗ് ഉത്സവം സംഘടിപ്പിക്കുന്നത്. ഇത് സംബന്ധിച്ച വാർത്താസമ്മേളനം ചേംബർ ഓഫ് കോമേഴ്സ് ഹാളിൽ നടന്നു. വീൽ ചെയറിൽ എത്തുന്നവർക്ക് യാത്ര ചെയ്യാനായി പ്രത്യേക വാഹന സൗകര്യമൊരുക്കും. കേരളത്തിൽ ആദ്യമായി നടക്കുന്ന പരിപാടിയിൽ ഇതര ജില്ലകളിൽ നിന്നുൾപ്പെടെ 2 കോടിയിലധികം ആളുകളെയാണ് പ്രതീക്ഷിക്കുന്നത്.

മനോഹരമായ വൈദ്യുതാലങ്കാരത്തോടെ നഗരവീഥികളും വ്യാപാര സ്ഥാപനങ്ങളും രാത്രി 11 മണി വരെ ഒരു മാസക്കാലം തുറന്നിരിക്കും. ഡിസംബർ 15 മുതൽ ജനുവരി 15 വരെ എല്ലാ ദിവസങ്ങളിലും വ്യത്യസ്ത കലാപരിപാടികൾ ആസ്വദിക്കാൻ അവസരമുണ്ടാകും. നഗര വീഥികളിൽ ചലിക്കുന്ന വേദികളിൽ പുതുമയുള്ള കലാ പരിപാടികൾ അവതരിപ്പിക്കും. മാരത്തോൺ, വിന്റേജ് കാർ റാലി, റോളർ സ്കേറ്റിംങ്, എൻഫീൾഡ് ഹാർലി റാലി, പെറ്റ് ഷോ, ഫ്ലാഷ് മോബ്, മാർഗം കളി, ചിത്ര രചനാ മത്സരം, നാടൻ പാട്ട്, ഫാഷൻ ഷോ, കേരള പാരമ്പര്യ

കലകൾ, സുംബ, സ്ട്രീറ്റ് പെയിന്റിംഗ്, യാത്ര പ്രദർശനം, പാലസ് ഗ്രൗണ്ടിൽ പെനാൽറ്റി ഷൂട്ട് ഔട്ട്, പുഴക്കലിൽ മഡ് റേസ്, വഞ്ചിക്കുളത്ത് ലേസർ സൗണ്ട് ഷോ, എന്നിവ കൂടുതൽ സന്ദർശകരെ ആകർഷിക്കും. വഞ്ചിക്കുളത്ത് സ്ത്രീകൾക്ക് മാത്രമായി ഡി ജെ ഫ്ളോറും, കുടുംബ ശ്രീ ഭക്ഷ്യ മേളയും ഒരുക്കും. വയോധികർക്ക് ഗാനാലാപന മത്സരവും, ഷോപ്പിംഗ് നടത്തുന്നവർക്ക് കൂപ്പണുകളിലൂടെ 5 കാർ, 5 ബൈക്ക്, ടി വി, ഫ്രിഡ്ജ, എന്നിവ സമ്മാനമായി നൽകും. ശബരി മല തീർത്ഥാടകരെ സ്വീകരിക്കാനും, അവർക്ക് വിശ്രമ സ്ഥലം, ചായ ഉൾപ്പെടെയുള്ള സൗകര്യങ്ങളും ഒരുക്കും. ശക്തൻനഗറിലും, കിഴക്കേ കോട്ടയിലും കുടി വെള്ളം, ഇ ടോയ്‌ലറ്റ് എന്നിവ സജ്ജമാക്കും. ഈ കാലയളവിൽ തൃശ്ശൂരിൽ നടക്കുന്ന തിരുവമ്പാടി, പാറമേക്കാവ് വേലകൾ, വടക്കുംനാഥനിൽ നടക്കുന്ന മെഗാ തിരുവാതിര കളി, ബോൺ നതാലെ എന്നിവയും നാട്ടുകാരെ ആകർഷിക്കും. ന്യൂ ഇയറിന്റെ ഭാഗാമായി സ്റ്റീഫൻ ദേവസ്സിയുടെ സംഗീത പരിപാടികളുണ്ടാവും. തൃശൂർ കോർപറേഷൻ മേയർ അജിതാ വിജയൻ, ഡെപ്യൂട്ടി മേയർ റാഫി പി ജോസ്, ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ് ടി ആർ വിജയകുമാർ, ഫെസ്റ്റിവൽ കമ്മിറ്റി ജനറൽ കൺവീനർ ടി എസ് പട്ടാഭിരാമൻ, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ സെക്രട്ടറി പി ജെ പയസ് എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# കുന്നംകുളത്ത് ത്രീഡി സീബ്രാലൈൻ മന്ത്രി ഉദ്ഘാടനം ചെയ്തു

കുന്നംകുളം ബസ് സ്റ്റാന്റിന് മുൻവശത്ത് തൃശൂർ റോഡിൽ ട്രാഫിക് സുരക്ഷയുടെ ഭാഗമായി ഇനി മുതൽ ത്രീ ഡയമെൻഷൻ സീബ്രാലൈൻ. ഡ്രൈവർമാരുടെ ശ്രദ്ധയിൽപ്പെടുന്നതിനാണ് റോഡിൽ കട്ട നിരത്തിയിട്ടത് പോലെ അനുഭവപ്പെടുന്ന പുതിയ രീതിയിലുള്ള സീബ്രാലൈനുകൾ വരച്ചിരിക്കുന്നത്. 22 അടി വീതിയുള്ള റോഡിൽ 11 ലൈനുകളാണ് ത്രീഡി രൂപത്തിൽ വരച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പ്മന്ത്രി എ സി മൊയ്തീൻ ഫ്ളാഗ് ഓഫ് ചെയ്ത് കാൽ നടയാത്രക്കാർക്ക് തുറന്നു കൊടുത്തു.

നഗരസഭാ ചെയർപേഴ്സൺ സീതാ രവീന്ദ്രൻ, വൈസ് ചെയർമാൻ പി എം സുരേഷ്, എ സി പി സിനോജ്, സി ഐ കെ ജി സുരേഷ്, എസ് ഐ ബാബു എന്നിവർ പങ്കെടുത്തു.

***അടിക്കുറിപ്പ്: കുന്നംകുളം ബസ് സ്റ്റാന്റിന് മുൻവശം ത്രീ ഡയമെൻഷൻ സീബ്രാലൈൻ തദ്ദേശസ്വയംഭരണ വകുപ്പ്മന്ത്രി എ സി മൊയ്തീൻ കാൽ നടയാത്രക്കാർക്ക് തുറന്നു കൊടുക്കുന്നു.***

# ലോക മണ്ണുദിനാചരണം സംഘടിപ്പിച്ചു

ജില്ലാ മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ലോക മണ്ണ് ദിനാചരണം ചേലക്കര എം.എസ്.എൻ ഓഡിറ്റോറിയത്തിൽ യു.ആർ. പ്രദീപ് എംഎൽഎ ഉദ്ഘാടനം ചെയ്തു. മണ്ണിനെ മറന്നുകൊണ്ടുള്ള വികസനം സാധ്യമല്ലെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തേണ്ടത് അനിവാര്യമാണ്. ജൈവകൃഷിയുൾപ്പെടെ മണ്ണ് സംരക്ഷിച്ചു കൊണ്ടേ സാധ്യമാകൂവെന്നും അദ്ദേഹം പറഞ്ഞു. ചേലക്കര ഗ്രാമപഞ്ചായത്ത് സോയിൽ ഹെൽത്ത് കാർഡ് വിതരണോദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. ചേലക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ. ഉണ്ണികൃഷ്ണൻ അധ്യക്ഷത വഹിച്ചു. ചേലക്കര പഞ്ചായത്തിന്റെ മണ്ണ് ഭൂവിഭവ ഭൂപടം പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. തങ്കമ്മയും നീർത്തട ഭൂപടം ജില്ലാ പഞ്ചായത്തംഗം ഇ. വേണുഗോപാല മോനോനും പ്രകാശനം ചെയ്തു. കേരള മണ്ണിനങ്ങളുടെ മാതൃക ജില്ലാ പഞ്ചായത്തംഗം ദീപ എസ്. നായർ പ്രകാശനം ചെയ്തു. വകുപ്പ് ഉത്തര മേഖല ഡെപ്യൂട്ടി ഡയറക്ടർ ബേബി സുജാത പദ്ധതി വിശദീകരിച്ചു. മണ്ണ് സെമിനാറിൽ ഡോ. പി. എസ്. ജോൺ ക്ലാസെടുത്തു. മണ്ണ് ദിനാചരണ പ്രതിജ്ഞ എം.എ. സുധീർ ബാബു ചൊല്ലിക്കൊടുത്തു. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.

# കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ ആഴ്ചച്ചന്ത ആരംഭിച്ചു

കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ കർഷകർക്കും കുടുംബശ്രീ അംഗങ്ങൾക്കും അവർ ഉൽപാദിപ്പിക്കുന്ന വസ്തുക്കൾ വിൽക്കുന്നതിനുള്ള ആഴ്ചച്ചന്ത ആരംഭിച്ചു. എല്ലാ ബുധനാഴ്ചകളിലുമാണ് ചന്ത. മുണ്ടൂർ നെഹ്റു മണ്ഡപത്തിൽ മുൻ എം എൽ എ ബാബു എം പാലിശ്ശേരി ഉദ്ഘാടനം ചെയ്തു. കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സി ജെ ആന്റോ അധ്യക്ഷത വഹിച്ചു. പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി വി കുര്യാക്കോസ് ആദ്യ വിൽപന നിർവ്വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രതിപക്ഷ നേതാവ് പി കെ പുഷ്പാകരൻ മുഖ്യപ്രഭാഷണം നടത്തി.

***അടിക്കുറിപ്പ്: കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ ആഴ്ചച്ചന്ത മുണ്ടൂർ നെഹ്റു മണ്ഡപത്തിൽ മുൻ എം എൽ എ ബാബു എം പാലിശ്ശേരി ഉദ്ഘാടനം ചെയ്തു.***

# താലൂക്ക് തല നിക്ഷേപക സംഗമം നടത്തി

തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കൊടുങ്ങല്ലൂർ താലൂക്ക് തല നിക്ഷേപക സംഗമം നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ ഉദ്ഘാടനം ചെയ്തു. മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ അബീദലി അധ്യക്ഷത വഹിച്ചു. നിക്ഷേപ സാധ്യത സംരംഭങ്ങളും 2019 ലെ ചെറുകിട-ഇടത്തരം സംരംഭം സുഗമമാക്കൽ ബില്ലും എന്ന വിഷയത്തെക്കുറിച്ച് ഡെപ്യൂട്ടി ഡയറക്ടർ ടി എസ് ചന്ദ്രൻ, ജി എസ് ടി നിയമത്തെക്കുറിച്ച് പി എം എ കരീം, സംരംഭകത്വ മേഖലയിലെ അനുഭവങ്ങൾ എന്ന വിഷയത്തെക്കുറിച്ച് എ.ആർ.രവീന്ദ്രൻ, ബാങ്കിങ് നടപടിക്രമങ്ങൾ സംബന്ധിച്ച് വി.ആർ.രാമചന്ദ്രൻ, പാക്കേജിങ് ലൈസൻസ് നടപടിക്രമങ്ങൾ' സംബന്ധിച്ച് പി.ഇഗ്നേഷ്യസ്, സംസ്ഥാന പിന്നോക്ക വിഭാഗ - വികസന കോർപ്പറേഷൻ പദ്ധതികളെ സംബന്ധിച്ച് പി.എൻ വേണുഗോപാൽ എന്നിവർ ക്ലാസുകളെടുത്തു. വാർഡ് കൗൺസിലർ ഡോ പി വി ആശാലത, താലൂക്ക് വ്യവസായ ഓഫീസർ പി ആർ സിന്ധു, കെ.സതീഷ് എന്നിവർ പങ്കെടുത്തു.

***അടിക്കുറിപ്പ്: കൊടുങ്ങല്ലൂർ താലൂക്ക് തല നിക്ഷേപക സംഗമം നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ സംഗമം ഉദ്ഘാടനം ചെയ്യുന്നു.***

.

# നാളത്തെ കേരളം ലഹരി മുക്ത കേരളം ബോധവൽക്കരണ പരിപാടിക്ക് നാട്ടികയിൽ തുടക്കം

മഹാത്മാഗാന്ധിയുടെ ജന്മവാർഷിക ആഘോഷങ്ങളുടെ ഭാഗമായി ജനുവരി 30 വരെ നീണ്ടു നിൽക്കുന്ന വിമുക്തി മിഷൻ - 'നാളത്തെ കേരളം, ലഹരിവിമുക്ത കേരളം' ബോധവൽക്കരണ പരിപാടിയുടെ നാട്ടിക നിയോജകമണ്ഡലം ആലോചനായോഗം ചാഴൂർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്നു. ഗീത ഗോപി എം.എൽ.എ ഉദ്ഘാടനം ചെയ്തു. അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.സി ശ്രീദേവി അധ്യക്ഷയായി. ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.ആർ സരള, തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡോ. എം.ആർ സുഭാഷിണി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ജ്യോതി കനകരാജ്, പി.എസ് രാധാകൃഷ്ണൻ, ഇ.കെ തോമസ്, പി.ഐ. സജിത, പി. വിനു, ജില്ലാ പഞ്ചായത്ത് അംഗം ഷീല വിജയകുമാർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ പി.കെ. സാനു, വലപ്പാട് അഡീ. എസ്.ഐ. ഷാജു, അന്തിക്കാട് അഡീഷണൽ എസ്.ഐ. ഗിരിജാവല്ലഭൻ, വിമുക്തി മിഷൻ കോ-ഓർഡിനേറ്റർ കെ.കെ. രാജു, സ്കൂൾ പി.ടി.എ. ഭാരവാഹികൾ, പ്രധാനാധ്യാപകർ, കുടുംബശ്രീ പ്രവർത്തകർ, അംഗണവാടി പ്രവർത്തകർ, വിവിധ സാംസ്കാരിക-സാമൂഹ്യ സംഘടന ഭാരവാഹികൾ എന്നിവർ പ്രസംഗിച്ചു. വാർഡ് തലത്തിൽ ലഹരിവിമുക്ത സേന കുടുംബശ്രീകളുടെ സഹകരണത്തോടെ നടപ്പിലാക്കാനും മണ്ഡലത്തിലെ എല്ലാ കോളേജുകളിലും സ്കൂളുകളിലും ലഹരിവിരുദ്ധ ക്ലാസ് നടത്താനും യോഗത്തിൽ തീരുമാനമായി.

# ഇലക്ടറല്‍ പരിശോധ
# വീഴ്ച വരുത്തുന്നവര്‍ക്കെതിരെ നടപടി

ഇലക്ഷന്‍ കമ്മീഷന്റെ നിര്‍ദ്ദേശപ്രകാരമുള്ള ഇലക്ടറല്‍ വെരിഫിക്കേഷന്‍ പ്രോഗ്രാം സമയ ബന്ധിതമായി പൂര്‍ത്തിയാക്കാത്ത ഉദ്യോഗസ്ഥര്‍ക്കും ബൂത്ത് ലെവല്‍ ഓഫീസര്‍മാര്‍ക്കും എതിരെ നടപടിയെടുക്കുമെന്ന് ജില്ലാ കളക്ടര്‍ എസ് ഷാനവാസ് അറിയിച്ചു. നൂറ് ശതമാനം പരിശോധന പൂര്‍ത്തിയാക്കാനാണ് തിരഞ്ഞെടുപ്പ് കമ്മീഷന്‍ നിര്‍ദ്ദേശിച്ചിരിക്കുന്നത്. എന്നാല്‍ ചില താലൂക്കുക ളില്‍ ലക്ഷ്യമിട്ടതിന്റെ 80 ശതമാനത്തോളം മാത്രമേ പരിശോധന പൂര്‍ത്തിയാക്കിയിട്ടുള്ളൂ. ഈ സാഹചര്യത്തിലാണ് വീഴ്ച വരുത്തുന്നവര്‍ക്കെതിരെ നടപടി സ്വീകരിക്കാന്‍ തീരുമാനിച്ചതെന്ന് ജില്ലാ കളക്ടര്‍ അറിയിച്ചു.

# നോര്‍ക്ക റൂട്ട്സ് മുഖേന സൗദി ആരോഗ്യമന്ത്രാലയത്തിനു കീഴില്‍ വനിത നഴ്സുമാര്‍ക്ക് അവസരം

സൗദി അറേബ്യയിലെ ആരോഗ്യമന്ത്രാലയത്തിനു കീഴിലുള്ള ആശുപത്രികളിലേക്ക് വനിത നഴ്സുമാരെ നോര്‍ക്ക റൂട്ട്സ് മുഖേന തെരഞ്ഞെടുക്കും. ബി.എസ്.സി, എം.എസ്.സി, പി.എച്ച്.ഡി യോഗ്യതയുള്ള വനിത നഴ്സുമാര്‍ക്കാണ് അവസരം. കാര്‍ഡിയാക് ക്രിട്ടിക്കല്‍ കെയര്‍ യൂണിറ്റ്, ക്രിട്ടിക്കല്‍ കെയര്‍ യൂണിറ്റ് (മുതിര്‍ന്നവര്‍, കുട്ടികള്‍, നിയോനാറ്റല്‍), കാര്‍ഡിയാക് സര്‍ജറി, എമര്‍ജന്‍സി, ഓണ്‍ക്കോളജി എന്നീ വിഭാഗങ്ങളിലാണ് ഒഴിവ്. സൗദി ആരോഗ്യമന്ത്രാലയം ഡിസംബര്‍ 23 മുതല്‍ 27 വരെ കൊച്ചിയിലും ബംഗ്ളൂരുവിലും അഭിമുഖം നടക്കും. താല്പര്യമുള്ളവര്‍ www.norkaroots.org ല്‍ അപേക്ഷ സമര്‍പ്പിക്കണമെന്ന് ചീഫ് എക് സിക്യൂട്ടീവ് ഓഫീസര്‍ അറിയിച്ചു. അപേക്ഷ സമര്‍പ്പിക്കേണ്ട അവസാന തീയതി ഡിസംബര്‍ 19. കൂടുതല്‍ വിവരങ്ങള്‍ ടോള്‍ ഫ്രീ നമ്പരായ 18004253939 (ഇന്ത്യയില്‍ നിന്നും) 00918802012345 (വിദേശത്തു നിന്നും മിസ്ഡ് കോള്‍ സേവനം)ല്‍ ലഭിക്കും.